# മഹാത്മഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

2016ലെ യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പ് – ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾക്കുള്ള മുൻകൂർ വിതരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരീക്ഷ വിഭാഗം ഇഎ II സെക്ഷൻ**

നം. 148/ഇഎ II/1/141/2017/പരീക്ഷ വിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 8 ഫെബ്രുവരി 2017

പരാമർശം : 1. 2016ലെ പരീക്ഷാ കലണ്ടർ
2. 22.09.2016 ലെ യു.ഒ നം. 571/ഇഎ II /1/358/2016/പരീക്ഷാ വിഭാഗം
3. 31.12.2016ലെ സിൻഡിക്കേറ്റ് യോഗമിനിട്ട്സിന്റെ ഇനം നം. 111/16.11/162570

## ഉത്തരവ്

എല്ലാ വർഷവും യൂണിവേഴ്സിറ്റി പരീക്ഷകളുടെ നടത്തിപ്പിനായി ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾക്ക് മുൻകൂർ തുകകൾ അനുവദിച്ച് നൽകാറുണ്ട്. 22.09.2016ലെ യു.ഒ നം. 571/ഇഎ II /1/358/2016/പരീക്ഷ പ്രകാരം 2014 വരെയുള്ള മുൻകൂർ തുകകളുടെ ക്രമീകരണ ബില്ലുകൾ സമർപ്പിച്ച 42 ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾക്ക് ₹35,47,755/- (മുപ്പത്തഞ്ചുലക്ഷത്തി നാൽപ്പത്തേഴാ യിരത്തി എഴുനൂറ്റി അൻപത്തഞ്ചു രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ഇതിനിടയിൽ 2014 വരെയുള്ള മുൻകൂറുകൾ ക്രമീകരിച്ച താഴെ പറയുന്ന 18 കോളേജുകൾക്ക് കൂടി ധനകാര്യവിഭാഗത്തിന്റെ അംഗീകാരത്തോടുകൂടി മുൻകൂർ തുകയ്ക്കുള്ള അനുമതി ആരാഞ്ഞു.

| ക്രമ നം. | കോളേജ് | തുക |
|---|---|---|
| 1. | എൻ.എസ്.എസ്. കോളേജ്, രാജകുമാരി | 6,565/- |
| 2. | ഗവ.കോളേജ്, മൂന്നാർ | 4,690/- |
| 3. | ദേവമാതാ കോളേജ്, കുറവിലങ്ങാട് | 93,750/- |
| 4. | എസ്.എച്ച്. കോളേജ്, തേവര | 37,500/- |
| 5. | എസ്.എ.എസ്. എസ്.എൻ.ഡി.പി യോഗം കോളേജ്, കോന്നി | 11,250/- |
| 6. | റ്റി.എം. ജേക്കബ് മെമ്മോറിയൽ ഗവ.കോളേജ്, മണിമലക്കുന്ന് | 46,875/- |
| 7. | എസ്.എൻ. ആർട്ട്സ് & സയൻസ് കോളേജ്, കുമരകം | 1,500/- |
| 8. | കാത്തലിക്കേറ്റ് കോളേജ്, പത്തനംതിട്ട | 1,50,000/- |
| 9. | അസംഷൻ കോളേജ്, ചങ്ങനാശ്ശേരി | 68,750/- |
| 10. | എം.ഇ.എസ് കോളേജ്, മാറമ്പള്ളി | 2,815/- |
| 11. | സെന്റ്. ആൽബർട്ട്സ് കോളേജ്, എറണാകുളം | 87,500/- |
| 12 | മരിയൻ കോളേജ്, കുട്ടിക്കാനം | 6,250/- |
| 13. | യു.സി കോളേജ്, ആലുവ | 1,12,500/- |
| 14. | എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി | 1,87,500/- |
| 15. | സെന്റ് തോമസ് കോളേജ് ഓഫ് എഡ്യുക്കേഷൻ, പാലാ | 4,690/- |
| 16. | മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി | 46,875/- |
| 17. | എസ്.എൻ.എം കോളേജ്, മാല്യങ്കര | 1,68,750/- |
| 18. | മഹാരാജാസ് കോളേജ്, എറണാകുളം | 1,12,500/- |
| | **ആകെ** | **11,50,260/-** |
| | **(പതിനൊന്ന് ലക്ഷത്തി അൻപതിനായിരത്തി ഇരുനൂറ്റി അറുപത് രൂപ മാത്രം)** | |

ഈ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വരികയും പരാമർശം (3) പ്രകാരം 31.12.2016ലെ സിൻഡിക്കേറ്റ് യോഗത്തിൽ 2014 വരെ മുൻകൂർ തുക ക്രമീകരിച്ച 18 കോളേജുകൾക്ക് ₹11,50,250/- (പതിനൊന്നുലക്ഷത്തി അൻപതിനായിത്തി ഇരുനൂറ്റി അൻപതു രൂപ മാത്രം) മുൻകൂർ അനുവദിക്കാൻ തീരുമാനിച്ചു. ഫയൽ വീണ്ടും സമർപ്പിക്കപ്പെടുകയും, മഹാത്മഗാന്ധി സർവ്വകലാശാല ആക്ട് 1985ലെ അദ്ധ്യായം 3.10(17) വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വൈസ്-ചാൻസിലർ, മേൽ പറഞ്ഞ 18 കോളേജുകൾക്ക് ₹11,50,260/- (പതിനൊന്നുലക്ഷത്തി അൻപതിനായിത്തി ഇരുനൂറ്റി അറുപതു രൂപ മാത്രം) മുൻകൂർ തുക അനുവദിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു. ഇതിന്റെ ചെലവ് നടപ്പു സാമ്പത്തിക വർഷത്തിലെ '22 201 39 – കണ്ടക്റ്റ് ഓഫ് എക്സാമിനേഷൻസ്' എന്ന ഹെഡ്ഡിൽ നിന്ന് വകയിരുത്തുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**സുരേഷ്കുമാർ.കെ.ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷാ വിഭാഗം)
പരീക്ഷാ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ
2. വൈസ്ചാൻസിലർ/പ്രോ.വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. സി.ഇ. സെക്ഷൻ
5. ജോയിന്റ് രജിസ്ട്രാർ I/എ.ആർ. XI(പരീക്ഷാവിഭാഗം)/എ.ആർ. II(ഭരണവിഭാഗം)
6. എക്സാം ക്യാഷ്/ജനറൽ ക്യാഷ്/എക്സാം ഓഡിറ്റ് I/II/III സെക്ഷനുകൾ
7. ജെ.ഡി,കെ.എസ്.എ/ഐ.ക്യു.എ.സി/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**